# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 259 06.01.2014-ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിക്ക് നേരെ കണ്ണൂരിൽ നടന്ന ആക്രമണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) കണ്ണൂരിൽ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ എൽ.ഡി. എഫ്. കരിങ്കൊടി കാണിച്ച് പ്രതിഷേധം രേഖപ്പെടുത്തിയ ദിവസം മുഖ്യമന്ത്രിയെ കല്ലെറിഞ്ഞവർക്കെതിരെ പോലീസ് കേസെടുക്കുകയുണ്ടായോ ; എങ്കിൽ ഏത് വകുപ്പ് പ്രകാരം ; വിശദമാക്കാമോ ; | (എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നം.1637/13 U/s 120(B), 143, 147, 148, 341, 353, 332, 324, 307, 149 IPC & Sec. 3 (1) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) ശ്രീ. കുഞ്ഞുമുഹമ്മദ് എന്ന വ്യക്തി കല്ലെറിയുന്ന ദൃശ്യങ്ങൾ പോലീസിന് ലഭിക്കുകയുണ്ടായോ ; ടിയാനെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് വകുപ്പ് പ്രകാരം ; | (ബി) ഇല്ല. കുഞ്ഞുമുഹമ്മദ് എന്ന വ്യക്തി മുഖ്യമന്ത്രിയെ കല്ലെറിയുന്നതിന്റെയോ കല്ലെറിയാൻ ശ്രമിക്കുന്നതിന്റേയോ ദൃശ്യങ്ങൾ പോലീസിന് ലഭിച്ചിട്ടില്ല. എന്നാൽ മുഖ്യമന്ത്രിക്ക് 27.10.2013-ന് കല്ലേറു കൊണ്ട സ്ഥലത്തു നിന്നും ഉദ്ദേശം 600 മീറ്റർ വടക്കുമാറി സ്കൗട്ട്സ് & ഗൈഡ്സ് ഓഫീസിന്റെ അടുത്തുവച്ച് കോൺഗ്രസ്സ് പ്രവർത്തകരുടെ കൊടി തോരണങ്ങൾ എൽ.ഡി.എഫ്. പ്രവർത്തകർ നശിപ്പിക്കുന്നത് കണ്ട് അവരെ പിൻതിരിപ്പിക്കുവാൻ വേണ്ടി അവർക്കെതിരെ ഉദ്ദേശം 6.30 മണിയോടെ കുഞ്ഞുമുഹമ്മദ് കല്ലെറിയുവാൻ ശ്രമിക്കുന്ന ചിത്രം പോലീസിന് ലഭിച്ചിട്ടുണ്ട്. എന്നാൽ ടി സംഭവത്തെ സംബന്ധിച്ച് ആർക്കും പരാതിയില്ലാത്തതിനാലും ആർക്കും പരിക്കേൽക്കാത്തതിനാലും കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| സി) മുഖ്യമന്ത്രിയുടെ കാറിൽ നിന്നും എത്ര കല്ലുകളാണ് കണ്ടെടുക്കാൻ കഴിഞ്ഞിരുന്നത് ; | (സി) ഒരെണ്ണം |
| ഡി) പ്രതിഷേധ സമരത്തിൽ പങ്കെടുത്ത എത്ര പേർക്കെതിരെ കല്ലെറിഞ്ഞു എന്ന പേരിൽ പോലീസ് കേസെടുത്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി ; അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ആരെങ്കിലും കല്ലെറിഞ്ഞിട്ടുള്ളവരാണെന്ന് തെളിഞ്ഞിട്ടുണ്ടോ ; എങ്കിൽ എത്ര പേർ ; സംഭവസ്ഥലത്ത് ഇല്ലാത്തവരുടെ പേരിലും കേസെടുക്കാനിടയായ സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്തായിരുന്നു? | (ഡി) മുഖ്യമന്ത്രിയെ തടഞ്ഞ് ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച 1013 പേരടങ്ങിയ ന്യായവിരോധമായ സംഘത്തിൽപ്പെട്ടവർക്ക് എതിരെയാണ് കേസെടുത്തിട്ടുള്ളത്. ന്യായവിരോധമായ സംഘത്തിൽപ്പെട്ട ഏതൊരാളും ചെയ്യുന്ന കുറ്റത്തിന് സംഘത്തിലെ മുഴുവൻ പേരും ഉത്തരവാദികളായതിനാൽ കല്ലെറിഞ്ഞ പ്രതികൾക്കെതിരായി പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ടി കേസിൽ 89 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതും അറസ്റ്റ് ചെയ്യപ്പെട്ടവരിൽ 99-ാം പ്രതി രജീഷ്, 82-ാം പ്രതി രാജേഷ് എന്നിവർ |

കല്ലെറിഞ്ഞതായി വെളിവായിട്ടുണ്ട്. സംഭവ സ്ഥലത്ത് ഇല്ലാത്തവരുടെ പേരിൽ കേസെടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ